ഉത്തരം

(എ) (1) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലാംഗ്വേജ് ട്രെയിനിംഗ്-തിരുവനന്തപുരം

(2) ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ.

(ബി) പ്രവേശന പരീക്ഷയ്ക്കു ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

(സി) ആകെ 320 കുട്ടികൾക്ക് ട്രെയിനിംഗ് നൽകുന്നുണ്ട് 160 സീറ്റുകളിലേക്ക് തെരഞ്ഞെടുക്കുന്നതു ഓപ്പൺ ക്വാട്ടയിൽ നിന്നും ബാക്കി 160 സീറ്റുകളിലേയ്ക്കു തെരഞ്ഞെടുക്കുന്നത് 'ഡിപ്പാർട്ടുമെൻറ്' ക്വാട്ടയിൽ നിന്നുമാണ്. ഡിപ്പാർട്ടുമെന്റു ക്വാട്ടയിൽ വേണ്ടത്ര അപേക്ഷകൾ ലഭിക്കാതെ വന്നതിനെതുടർന്ന് 261 സീറ്റുകളിലേയ്ക്കു ഓപ്പൺ ക്വോട്ടയിൽ നിന്നും തെരഞ്ഞെടുക്കുകയുണ്ടായി.

(ഡി) ഈ വർഷം സംവരണ വിഭാഗത്തിൽ പ്രവേശനം നൽകിയവരുടെ വിവരം താഴെ ചേർക്കുന്നു.

ഈഴവ	–	33
മുസ്ലീം	–	29
എസ്. സി.	–	21
വിശ്വകർമ്മ	–	8
എൽ. സി.	–	10
എസ്സ്. റ്റി.	–	4
ഒ. ബി. സി.	–	8
നാടാർ	–	5
ധീവര	–	3
ചേരമർ ക്രിസ്ത്യൻ	–	3

(ഇ) ഇല്ല.

കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ അബ്ദുള്ള എന്ന ജീവനക്കാരന്റെ അപമര്യാദയായ പെരുമാറ്റം

73 (2948) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ അബ്ദുള്ള എന്ന ജീവനക്കാരൻ അദ്ധ്യാപകരോട് അപമര്യാദയായി പെരുമാറുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി & സി) ബാധകമല്ല.

കാസർഗോഡ് അന്ധവിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനെക്കുറിച്ചുള്ള പരാതി

74 (2949) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അന്ധവിദ്യാലത്തിലെ പ്രധാന അദ്ധ്യാപകനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്താണെന്നും അതേ തുടർന്നുള്ള നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) സ്കൂൾ കമ്മിറ്റിയുമായി ആലോചിക്കാതെ സ്കൂളിന് പുതിയ ഒരു ബോർഡ് വെച്ചതും സ്കൂളിന്റെ അച്ചടക്കം നിലനിർത്തുന്നതിൽ പരാജയപ്പെട്ടതും യഥാസമയത്ത് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് പൂർത്തിയാക്കാൻ കഴിയാത്തതുമാണ് അന്വേഷണത്തിന്റെ പേരിൽ ഹെഡ്മാസ്റ്റർക്ക് എതിരെ കണ്ടെത്തിയ കാര്യങ്ങൾ. ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശ പ്രകാരം കാസർഗോഡ് സർക്കാർ അന്ധവിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനെ കുന്നംകുളം ഗവൺമെന്റ് അന്ധവിദ്യാലത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

പി. ഡി. ടീച്ചർ തസ്തികയിലേയ്ക്കുള്ള നിയമനം

75 (2950) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ പി.ഡി. ടീച്ചർ തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രവരെ നിയമനം നൽകി എന്ന് ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly